**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരമുള്ള വയനാട് ജില്ലയിലെ ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേട് പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.പി.ഒ.അലക്സാണ്ടർ, സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ.ടി.എം.ജോർജ്ജ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയത്- സസ്പെൻഷൻ കാലം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 707/2013/തസ്വഭവ, തിരുവനന്തപുരം,തീയതി, 20.03.2013**

---

പരാമർശം:-1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1770/2006/തസ്വഭവ, തീയതി 26.07.2006.

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1364/2007/തസ്വഭവ, തീയതി 04.05.2007.
3. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1338/2007/തസ്വഭവ, തീയതി 02.05.2007.
4. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1554/2007/തസ്വഭവ, തീയതി 31.05.2007.
5. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 264/2011/തസ്വഭവ, തീയതി 25.01.2011.
6. ഗ്രാമവികസന കമ്മീ,ണറുടെ 15.11.2011, 28.01.2013 എന്നീ തീയതികളിലെ 16153/എസ്റ്റാഎ4/06/സിആർഡി, 24.11.2011 ലെ 11257/എസ്റ്റാഎ4/2007/സിആർഡി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വയനാട് ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ വയനാട് പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.പി.ഒ.അലക്സാണ്ടറെയും, സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ടി.എം.ജോർജ്ജിനെയും പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. ശ്രീ.പി.ഒ.അലക്സാണ്ടർ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 31484/06-ന്റെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് എതിരെയുള്ള വിജിലൻസ് എൻക്വയറിയുടെ റിപ്പോർട്ട് വരുന്നതു വരെ തുടർ അച്ചടക്ക നടപടി നിർത്തി വച്ചു കൊണ്ട് പരാമർശം (2) പ്രകാരം ടിയാനെ സർവ്വീസിൽ

തിരിച്ചെടുക്കുകയും, പരാമർശം (4) പ്രകാരം ടിയാനെ ഗ്രാമവികസന കമ്മീഷണറേറ്റിൽ ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണറായി നിയമിക്കുകയും തുടർന്ന് ടിയാൻ 01.06.07 F.N -ന് പ്രസ്തുത തസ്തികയിൽ ചുമതല ഏൽക്കുകയും ഉണ്ടായി.

ശ്രീ.ടി.എം.ജോർജ്ജ് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 7265/07-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം(3) പ്രകാരം ടിയാനെ സർവ്വീസിൽ തിരിച്ചെടുക്കുകയും തുടർന്ന് 18.05.2007 F.N.ന് കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ഈ കേസിലെ വിജിലൻസ് എൻക്വയറി റിപ്പോർട്ടിൽ ശ്രീ.ടി.എം.ജോർജ്ജ്, മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, സുൽത്താൻ ബത്തേരി, ശ്രീ.പി.ഒ.അലക്സാണ്ടർ, പ്രോജക്ട് ഓഫീസർ, ഡിആർഡിഎ, വയനാട്, ശ്രീ.കെ.രാജേന്ദ്രൻ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ഡി.ആർ.ഡി.എ, വയനാട് എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും എന്നാൽ ശ്രീ.ടി.എം.ജോർജ്ജ് സർവ്വീസിൽ നിന്ന് 31.07.2007ൽ റിട്ടയർ ചെയ്തതിനാൽ ടിയാനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു.

പരാമർശം (5) പ്രകാരം ശ്രീ.പി.ഒ.അലക്സാണ്ടറിനെതിരെയുള്ള അച്ചടക്ക നടപടി ടിയാൻ 30.11.2007ൽ സർവ്വീസിൽ നിന്ന് വിരമിച്ച സാഹചര്യത്തിലും സർക്കാരിന് സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാലും ഉപേക്ഷിയ്ക്കുകയുണ്ടായി.

ആയതിനാൽ ശ്രീ.പി.ഒ.അലക്സാണ്ടർ ജെ.ഡി.സി.(റിട്ട)ന്റെ 26.07.2006 മുതൽ 03.05.2007 വരെയുള്ള സസ്പെൻഷൻ കാലയളവ് മുഴുവൻ ആനുകൂല്യങ്ങളോടു കൂടിയ ഡ്യൂട്ടിയായി പരിഗണിച്ചു കൊണ്ട് ക്രമീകരിക്കണമെന്നും, 04.05.2007 മുതൽ 31.05.2007 വരെയുള്ള കാലയളവ് നിയമനത്തിനായി കാത്തു നിന്ന കാലയളവായി പരിഗണിച്ച് ഉത്തരവാകണമെന്നും, ശ്രീ.ടി.എം.ജോർജിന്റെ പേരിലുള്ള അച്ചടക്ക നടപടി ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ, 26.07..2006 മുതൽ 01.05.2007 വരെയുള്ള സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ചും 02.05.2007 മുതൽ 17.05.2007 വരെയുള്ള കാലം നിയമനത്തിനായി കാത്തു നിന്ന കാലയളവായി പരിഗണിച്ചും സർവ്വീസ് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (6) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.. ശ്രീ.പി.ഒ.അലക്സാണ്ടർ, ശ്രീ.ടി.എം.ജോർജ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ, ശ്രീ.പി.ഒ.അലക്സാണ്ടറുടെ 26.07.2006 മുതൽ 03.05.2007 വരെയും ശ്രീ.ടി.എം.ജോർജ്ജിന്റെ 26.07.2006 മുതൽ 01.05.2007 വരെയുമുള്ള സസ്പെൻഷൻ കാലയളവ്, ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തിക്കൊണ്ട് പെൻഷനു മാത്രം ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും ശ്രീ.അലക്സാണ്ടറുടെ 04.05.2007 മുതൽ 31.05.2007 വരെയും (28 ദിവസം), ശ്രീ.ജോർജ്ജിന്റെ 02.05.2007 മുതൽ 17.05.2007 വരെയുമുള്ള (16 ദിവസം) ഇടവേള പ്രവേശന കാലമായോ, അർഹതപ്പെട്ട അവധിയായോ ഇവ രണ്ടുമായോ കെ.എസ്.ആർ.ഭാഗം I ചട്ടം 56 B (9)നു താഴെയുള്ള കുറിപ്പ് 2 പ്രകാരം ക്രമീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ ഗ്രാമവികസന കമ്മീഷണർ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.യു.രാജീവ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.പി.ഒ.അലക്സാണ്ടർ, ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ (റിട്ടയേർഡ്)
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ശ്രീ.ടി.എം.ജോർജ്ജ്, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കൂത്തുപറമ്പ്
(റിട്ടയേർഡ്) (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം )
ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ